**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1517** **03-02-2026 - ൽ മറുപടിയ്ക്ക്**

**ലേബർ കോഡുകൾ തിരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ നടപ്പാക്കിയ ലേബർ കോഡുകൾ തിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയും 19.12.2025 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയുകൾ, നിയമ വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയിൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി ശ്രീ.ആന്റണി രാജു അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും ബഹു.പാർലമെന്ററി ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ശ്രീ.എളമരം കരീം എം.പി, ശിൽപശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ട് വച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒന്നും തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല. 19.12.2025 ന് കേരള |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ,വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | നൂറ്റാണ്ടുകളിലൂടെ നേടിയെടുത്ത വിവിധ തൊഴിലവകാശങ്ങൾ ഇല്ലാതാക്കുന്ന പ്രസ്തുത നിയമങ്ങൾ പിൻവലിക്കാൻ നിയമ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയും 19.12.2025 ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയുകൾ, നിയമ വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയിൽ ബഹു.ഗതാഗത വകുപ്പ് മന്ത്രി ശ്രീ.ആന്റണി രാജു അവർകളുടെ അദ്ധ്യക്ഷതയിൽ ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി ശ്രീ.വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും ബഹു.പാർലമെന്ററി ലേബർ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം ശ്രീ.എളമരം കരീം എം.പി, ശിൽപശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ട് വച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒന്നും തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല. 19.12.2025 ന് കേരള |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ,വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ